**മധുരമായ കുട്ടികളേ - ഇപ്പോൾ നിങ്ങൾ ഈശ്വരീയ സന്താനങ്ങളായി മാറിയിരിക്കുന്നു, നിങ്ങളിൽ ഒരു ആസുരീയ അവഗുണവും ഉണ്ടാകരുത്, തന്റെ ഉന്നതിയുണ്ടാക്കണം, തെറ്റ് ചെയ്യരുത്.**

**ചോദ്യം:-** നിങ്ങൾ സംഗമയുഗീ ബ്രാഹ്മണ മക്കൾക്ക് ഏതൊരു നിശ്ചയവും ലഹരിയുമാണുള്ളത്?
**ഉത്തരം:-** നമ്മൾ കുട്ടികൾക്ക് നിശ്ചയവും ലഹരിയുമുണ്ട് അതായത് ഇപ്പോൾ നമ്മൾ ഈശ്വരീയ സമ്പ്രദായത്തിലേതാണ്. നമ്മൾ സ്വർഗ്ഗവാസിയും വിശ്വത്തിന്റെ അധികാരിയുമായി മാറുകയാണ്. സംഗമത്തിൽ നമ്മൾ ട്രാൻസ്ഫറാവുകയാണ്. ആസുരീയ സന്താനത്തിൽ നിന്നും ഈശ്വരീയ സന്താനമായി മാറി 21 ജന്മങ്ങളിലേക്ക് സ്വർഗ്ഗവാസിയായി മാറുകയാണ്, ഇതിലും വലിയ ഒരു വസ്തു വേറെയില്ല.

**ഓം ശാന്തി**. ബാബയിരുന്ന് കുട്ടികൾക്ക് മനസ്സിലാക്കിത്തരുകയാണ്, മനുഷ്യർ എപ്പോഴും ശാന്തി ഇഷ്ടപ്പെടുന്നു. വീട്ടിൽ അഥവാ കുട്ടികൾ വഴക്കിടുകയാണെങ്കിൽ അശാന്തി നിലനിൽക്കും. അശാന്തിയിൽ ദുഃഖം ഉണ്ടായിരിക്കുന്നു. ശാന്തിയിലാണെങ്കിൽ സുഖമാണുള്ളത്. ഇവിടെ നിങ്ങൾ കുട്ടികൾ ഇരിക്കുന്നു , നിങ്ങളിൽ സത്യമായ ശാന്തിയുണ്ട്. നിങ്ങളോട് പറഞ്ഞിട്ടുണ്ട്, ബാബയെ ഓർമ്മിക്കൂ.... സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. അരകൽപമായി ആത്മാവിൽ നിലനിൽക്കുന്ന അശാന്തി മാറുന്നത് ശാന്തിസാഗരനായ ബാബയെ ഓർമ്മിക്കുന്നതിലൂടെയാണ്. നിങ്ങൾക്ക് ശാന്തിയുടെ സമ്പത്ത് ലഭിക്കുകയാണ്. ഇതും നിങ്ങൾക്കറിയാം, അതായത് ശാന്തിയുടെ ലോകവും അശാന്തിയുടെ ലോകവും രണ്ടും തീർത്തും വേറെ വേറെയാണ്. ആസുരീയ ലോകം, ഈശ്വരീയ ലോകം, സത്യയുഗം, കലിയുഗം എന്നെല്ലാം എന്തിനെയാണ് പറയുന്നത് എന്ന് ഒരു മനുഷ്യനും അറിയില്ല. നിങ്ങളും പറയും, ഞങ്ങൾക്കും അറിയില്ലായിരുന്നു. എത്ര വലിയ സ്ഥാനത്ത് ഇരിക്കുന്നവരായാലും ശരി. പണമുള്ളവരെ സ്ഥാനമുള്ളവർ എന്നല്ലേ പറയാറ്. ദരിദ്രനേയും ധനവാനേയും മനസ്സിലാക്കാൻ സാധിക്കുമല്ലോ. അതുപോലെ നിങ്ങൾക്കും ഈശ്വരീയ സന്താനത്തേയും ആസുരീയ സന്താനത്തേയും തിരിച്ചറിയാൻ സാധിക്കും. ഇപ്പോൾ നിങ്ങൾ മധുരമായ കുട്ടികൾ,നമ്മൾ ഈശ്വരീയ സന്താനങ്ങളാണെന്ന് മനസ്സിലാക്കുന്നു. ഇതിൽ പക്കാ നിശ്ചയമില്ലേ. നിങ്ങൾ ബ്രാഹ്മണർ മനസ്സിലാക്കുന്നുണ്ട് നമ്മൾ ഈശ്വരീയ സമ്പ്രദായത്തിൽ സ്വർഗ്ഗവാസിയും വിശ്വത്തിന്റെ അധികാരിയുമായി മാറുകയാണ്. എപ്പോഴും ഈ സന്തോഷം ഉണ്ടായിരിക്കണം. യഥാർത്ഥരീതിയിൽ മനസ്സിലാക്കുന്നവർ വളരെ കുറച്ചുപേരേയുള്ളു. സത്യയുഗത്തിൽ ഈശ്വരീയ സമ്പ്രദായമാണ്. കലിയുഗത്തിൽ ആസുരീയ സമ്പ്രദായവും. പുരുഷോത്തമ സംഗമയുഗത്തിൽ ആസുരീയ സമ്പ്രദായം മാറുന്നു. ഇപ്പോൾ നമ്മൾ ശിവബാബയുടെ സന്താനങ്ങളായി മാറി. ഇടയിൽ മറന്നുപോയിരുന്നു. ഇപ്പോൾ വീണ്ടും ഈ സമയത്ത് നമ്മൾ ശിവബാബയുടെ സന്താനങ്ങളാണ് എന്നത് അറിഞ്ഞു. അവിടെ സത്യയുഗത്തിൽ ആരും ഞാൻ ഈശ്വരന്റെ സന്താനമാണ് എന്ന് പറയില്ല. അവിടെ ദൈവീക സന്താനങ്ങളാണ്. ഇതിനു മുമ്പ് നമ്മൾ ആസുരീയ സന്താനങ്ങളായിരുന്നു. ഇപ്പോൾ ഈശ്വരീയ സന്താനങ്ങളായിരിക്കുന്നു. നമ്മൾ ബ്രാഹ്മണർ ബി. കെ യാണ്. ഒരു ബാബയുടെ രചനകളാണ്. നിങ്ങൾ എല്ലാവരും സഹോദരീ സഹോദരങ്ങളാണ് മാത്രമല്ല ഈശ്വരീയ സന്താനങ്ങളുമാണ്. നിങ്ങൾക്കറിയാം, ബാബയിൽ നിന്നും രാജ്യം ലഭിച്ചു കൊണ്ടിരിക്കുകയാണ്. ഭാവിയിൽ നമ്മൾ പോയി ദൈവീക സ്വരാജ്യം നേടും, സുഖമായിരിക്കും. തീർച്ചയായും സത്യയുഗം സുഖത്തിന്റെ വീടാണ്, എന്നാൽ കലിയുഗം ദുഃഖത്തിന്റെ വീടാണ്. ഇത് നിങ്ങൾ സംഗമയുഗീ ബ്രാഹ്മണർ മാത്രമേ അറിയുന്നുള്ളു. ആത്മാവാണ് ഈശ്വരീയ സന്താനം. ഇതും അറിയാം ബാബ സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്തുകൊണ്ടിരിക്കുകയാണ്. ബാബ രചയിതാവല്ലേ. നരകത്തിന്റെ രചയിതാവല്ല. അവരെ ആര് ഓർമ്മിക്കാനാണ്. നിങ്ങൾ മധുര മധുരമായ കുട്ടികൾക്കറിയാം- ബാബ സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുകയാണ്. ഇത് നമ്മുടെ വളരെ മധുരമായ അച്ഛനാണ്. നമ്മളെ 21 ജന്മങ്ങളിലേക്ക് സ്വർഗ്ഗവാസിയാക്കി മാറ്റുന്നു, ഇതിലും വലിയ വസ്തു വേറെയില്ല. ഇത് മനസ്സിലാക്കി വെക്കണം. നമ്മൾ ഈശ്വരീയ സന്താനങ്ങളാണ്, അതിനാൽ നമ്മളിൽ ഒരു ആസുരീയ അവഗുണവും ഉണ്ടാവാൻ പാടില്ല. തന്റെ ഉന്നതി ചെയ്യണം. കുറച്ച് സമയമേ ബാക്കിയുള്ളു, അതിനാൽ ഇതിൽ തെറ്റ് ചെയ്യരുത്. മറന്നുപോകരുത്. നോക്കൂ, ബാബ സന്മുഖത്ത് ഇരിക്കുന്നുണ്ട്, നമ്മൾ ബാബയുടെ സന്താനങ്ങളാണ്. നമ്മൾ ഈശ്വരീയ പിതാവിൽ നിന്നും ദൈവീക സന്താനമായി മാറുന്നതിനായി പഠിക്കുകയാണ്, അപ്പോൾ എത്ര സന്തോഷം ഉണ്ടാകണം. ബാബ ഇത്രയേ പറയുന്നുള്ളു ,എന്നെ ഓർമ്മിക്കു എങ്കിൽ വികർമ്മം വിനാശമാകും. ബാബ വന്നിരിക്കുന്നത് എല്ലാവരേയും കൊണ്ടുപോകാനാണ്. എത്രത്തോളം ഓർമ്മിക്കുന്നുവോ അത്രയും വികർമ്മം വിനാശമാകും. അജ്ഞാനകാലത്ത് കന്യകയുടെ വിവാഹനിശ്ചയം കഴിഞ്ഞാൽ ഓർമ്മിച്ചുകൊണ്ടേയിരിക്കും. കുട്ടി ജനിച്ചാലും ഓർമ്മിച്ചുകൊണ്ടിരിക്കും. ആ ഓർമ്മ സ്വർഗ്ഗത്തിലും ഉണ്ടാകും,

നരകത്തിലും ഉണ്ടാകും. കുട്ടി പറയും ഇത് എന്റെ അച്ഛനാണ്, ഇപ്പോൾ ഇത് പരിധിയില്ലാത്ത അച്ഛനാണ്. ആരിലൂടെയാണോ വിശ്വത്തിന്റെ സമ്പത്ത് ലഭിക്കുന്നത് അവരെയാണ് ഓർമ്മിക്കേണ്ടത്. ബാബയിൽ നിന്നും നമ്മൾ ഭാവിയിലെ 21 ജന്മങ്ങളിലേക്കുള്ള സമ്പത്ത് നേടുകയാണ്. ബുദ്ധിയിൽ സമ്പത്ത് തന്നെയാണ് ഓർമ്മയുണ്ടാവുക.

ഇതും അറിയാം, എല്ലാവർക്കും മരിക്കുക തന്നെ വേണം. പ്രിയപ്പെട്ടവരിലും പ്രിയപ്പെട്ടവരായ ഒരാൾ പോലും ഉണ്ടാവില്ല, എല്ലാവരും പോകും. ഈ പഴയ ലോകം നശിച്ചുപോയിക്കഴിഞ്ഞു എന്നത് നിങ്ങൾ ബ്രാഹ്മണ മക്കൾക്ക് മാത്രമേ അറിയൂ. ഇത് നശിക്കുന്നതിനുമുമ്പ് മുഴുവൻ പുരുഷാർത്ഥവും ചെയ്യണം. നിങ്ങൾ ഈശ്വരീയ സന്താനങ്ങളാണ് അതിനാൽ അളവില്ലാത്ത സന്തോഷം ഉണ്ടാകണം. ബാബ പറഞ്ഞു കൊണ്ടിരിക്കുന്നു– കുട്ടികളേ, തന്റെ ജീവിതത്തെ വജ്രസമാനമാക്കി മാറ്റൂ. അത് ദൈവീകലോകമാണ്, ഇത് ആസുരീയ ലോകവും. സത്യയുഗത്തിൽ എത്ര അളവില്ലാത്ത സുഖമാണ് ഉണ്ടാവുക. അത് ബാബയാണ് നൽകുന്നത്. ഇവിടെ നിങ്ങൾ ബാബയുടെ അടുത്തേക്ക് വന്നിരിക്കുകയാണ്. ഇവിടെ ഇരിക്കാൻ പറ്റില്ല. എല്ലാവരും ഒരുമിച്ച് ഇരിക്കും എന്നല്ല എന്തെന്നാൽ പരിധിയില്ലാത്ത കുട്ടികളുണ്ട്. നിങ്ങൾ വളരെ ഉത്സാഹത്തോടെയാണ് ഇവിടേക്ക് വരുന്നത്. നമ്മൾ പരിധിയില്ലാത്ത അച്ഛന്റെ അടുത്തേക്കാണ് പോകുന്നത്. നമ്മൾ ഈശ്വരീയ സന്താനങ്ങളാണ്. നമ്മൾ ഈശ്വരീയ പിതാവിന്റെ സന്താനങ്ങളാണ്, അതിനാൽ എന്തുകൊണ്ട് നമുക്ക് സ്വർഗ്ഗത്തിലേക്ക് പോയിക്കൂടാ. ഈശ്വരീയ പിതാവല്ലേ സ്വർഗ്ഗം രചിക്കുന്നത്. ഇപ്പോൾ നിങ്ങളുടെ ബുദ്ധിയിൽ മുഴുവൻ വിശ്വത്തിന്റേയും ചരിത്രവും ഭൂമിശാസ്ത്രവും ഉണ്ട്. അറിയാം ഈശ്വരീയ പിതാവ് നമ്മെ സ്വർഗ്ഗത്തിന് യോഗ്യരാക്കി മാറ്റുകയാണ്. കൽപ കൽപം ആക്കിമാറ്റുന്നു. നമ്മൾ അഭിനേതാക്കളാണ് എന്നത് ഒരു മനുഷ്യനും അറിയില്ല. ഈശ്വരീയ പിതാവിന്റെ കുട്ടികളായ നമ്മൾ എന്തുകൊണ്ടാണ് ദുഃഖിക്കുന്നത്! പരസ്പരം അടികൂടുന്നത് എന്തുകൊണ്ടാണ്! നമ്മൾ ആത്മാക്കൾ എല്ലാവരും സഹോദരങ്ങളല്ലേ. സഹോദരങ്ങൾ പരസ്പരം എങ്ങനെ അടികൂടുന്നു. അടികൂടി അവസാനിക്കും. ഇവിടെ നമ്മൾ ബാബയിൽ നിന്നും സമ്പത്ത് നോടുകയാണ്. സഹോദരങ്ങൾ പരസ്പരം ഒരിക്കലും ഉപ്പുവെള്ളമാകാൻ പാടില്ല. ഇവിടെയാണെങ്കിൽ അച്ഛനോടുപോലും ഉപ്പുവെള്ളമാകുന്നു. നല്ല നല്ല കുട്ടികൾ ഉപ്പുവെള്ളമാകുന്നു. മായ എത്ര ശക്തിശാലിയാണ്. ആരാണോ നല്ല നല്ല കുട്ടികൾ അവരെ ബാബക്ക് ഓർമ്മ വരും. ബാബക്ക് കുട്ടികളോട് എത്ര സ്നേഹമാണ്. ബാബക്ക് ഓർമ്മിക്കാൻ കുട്ടികളല്ലാതെ മറ്റാരുമില്ല. നിങ്ങൾക്കാണെങ്കിൽ ഒരുപാടുപേരുണ്ട്. നിങ്ങളുടെ ബുദ്ധി അവിടേക്കും ഇവിടേക്കും പോകുന്നു. ജോലി കാര്യങ്ങളിലും ബുദ്ധി പോകുന്നു. എനിക്കാണെങ്കിൽ ജോലി കാര്യങ്ങളൊന്നുമില്ല. എന്റെ കുട്ടികളായ നിങ്ങൾക്ക് അനേകം ജോലികളുണ്ട്. എനിക്കാണെങ്കിൽ ഒരു ജോലിയേയുള്ളൂ. ഞാൻ വന്നതുതന്നെ കുട്ടികളെ സ്വർഗ്ഗത്തിന്റെ അവകാശിയാക്കി മാറ്റാനാണ്. നിങ്ങൾ കുട്ടികളാണ് പരിധിയില്ലാത്ത അച്ഛന്റെ സ്വത്ത്. ഈശ്വരീയ പിതാവല്ലേ. മുഴുവൻ കുട്ടികളും ബാബയുടെ സ്വത്താണ്. മായ മോശമാക്കി മാറ്റിയിരിക്കുന്നു. ഇപ്പോൾ ബാബ പുഷ്പമാക്കി മാറ്റുകയാണ്. ബാബ പറയുന്നു, എനിക്ക് നിങ്ങൾ മാത്രമേയുള്ളൂ. നിങ്ങളോട് എനിക്ക് മോഹവുമുണ്ട്. കത്ത് എഴുതിയത് കിട്ടിയില്ലെങ്കിൽ ചിന്തയുണ്ടാകും. നല്ല നല്ല കുട്ടികളുടെ കത്ത് വരുന്നില്ല. നല്ല നല്ല കുട്ടികളെ മായ പൂർണ്ണമായും അവസാനിപ്പിക്കുന്നു. തീർച്ചയായും ദേഹാഭിമാനമുണ്ട്. ബാബ പറയുന്നു നിങ്ങളുടെ സുഖവിവരങ്ങൾ എഴുതൂ. ബാബ കുട്ടികളോട് ചോദിക്കുന്നു കുട്ടികളേ, മായ നിങ്ങളെ ഭയപ്പെടുത്തുന്നില്ലല്ലോ? സമർത്ഥരായി മാറി മായയുടെ മേൽ വിജയം നേടുന്നുണ്ടല്ലോ! നിങ്ങൾ യുദ്ധമൈതാനത്തിലല്ലേ. ഒരു ചഞ്ചലതയും ഇല്ലാത്ത രീതിയിൽ കർമ്മേന്ദ്രിയങ്ങൾ വശപ്പെടണം. സത്യയുഗത്തിൽ മുഴുവൻ കർമ്മേന്ദ്രിയങ്ങളും വശത്തായിരിക്കും. കർമ്മേന്ദ്രിയങ്ങൾക്ക് ഒരു ചഞ്ചലതയും ഉണ്ടാകില്ല. മുഖത്തിനുണ്ടാകില്ല, കൈകൾക്കുണ്ടാകില്ല, കാതുകൾക്കുമുണ്ടാകില്ല..... ചഞ്ചലതയുടെ ഒരു കാര്യവും ഉണ്ടാകില്ല. അവിടെ മോശമായ ഒരു വസ്തുവും ഉണ്ടാകില്ല. ഇവിടെ യോഗബലത്തിലൂടെ കർമ്മേന്ദ്രിയങ്ങളെ വശത്താക്കുന്നു. ബാബ പറയുന്നു, മോശമായ ഒരു കാര്യവുമില്ല. കർമ്മേന്ദ്രിയങ്ങളെ വശത്താക്കണം. നല്ലരീതിയിൽ പുരുഷാർത്ഥം ചെയ്യണം. സമയം വളരെ കുറച്ചേയുള്ളൂ. വളരെയധികം കഴിഞ്ഞുപോയി അൽപമേ ബാക്കിയുള്ളൂ..... എന്ന് പാട്ടുമുണ്ട്. ഇപ്പോൾ കുറച്ചേ ബാക്കിയുള്ളൂ. പുതിയ വീട് ഉണ്ടാക്കിക്കൊണ്ടിരിക്കുമ്പോൾ ബുദ്ധിയിലുണ്ടാകില്ലേ– കുറച്ച് സമയമേ ബാക്കിയുള്ളൂവെന്ന്. ഇപ്പോൾ ഇത് തയ്യാറാകും, ബാക്കി കുറച്ച് ജോലിയേയുള്ളൂ. അത് പരിധിയുള്ള കാര്യമാണ്, ഇത് പരിധിയില്ലാത്ത കാര്യമാണ്. ഇതും കുട്ടികൾക്ക് മനസ്സിലാക്കിത്തന്നിട്ടുണ്ട് അതായത് അവരുടേത് സയൻസിന്റെ ബലമാണ്, നിങ്ങളുടേത് സൈലൻസിന്റെ ബലമാണ്. അവരുടേതും ബുദ്ധി ബലം തന്നെയാണ്, നിങ്ങളുടേതും ബുദ്ധിയുടെ ബലമാണ്. സയൻസിന്റെ എത്ര കണ്ടുപിടുത്തങ്ങളാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. ഇവിടെ ഇരുന്നയിരുപ്പിൽ മുഴുവൻ നഗരത്തേയും ഇല്ലാതാക്കാൻ സാധിക്കുന്ന തരത്തിലുള്ള ബോംബുകളാണിപ്പോൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. പിന്നീട് ഈ സേനകൾ, വിമാനങ്ങൾ മുതലായവയൊന്നും ഉപയോഗത്തിൽ വരില്ല. അതിനാൽ അത് സയൻസിന്റെ ബുദ്ധിയാണ്.

നിങ്ങളുടേത് സൈലൻസിന്റെ ബുദ്ധിയാണ്. അവർ വിനാശത്തിന് നിമിത്തമായിരിക്കുകയാണ്. നിങ്ങൾ അവിനാശീ പദവി പ്രാപ്തമാക്കുന്നതിന് നിമിത്തമായിരിക്കുന്നു. ഇത് മനസ്സിലാക്കുന്നതിനും ബുദ്ധിവേണമല്ലോ.

നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കാൻ സാധിക്കും – ബാബ എത്ര സഹജമായ വഴിയാണ് പറഞ്ഞുതരുന്നത്. എത്ര തന്നെ ദുർബലരായ സ്ത്രീകളായാലും ശരി കേവലം രണ്ട് വാക്ക് ഓർമ്മിച്ചാൽ മതി – ബാബയും സമ്പത്തും. പിന്നീട് ആര് എത്ര ഓർമ്മിക്കുന്നോ അതിനനുസരിച്ച് ലഭിക്കുന്നു. മറ്റു സംഗങ്ങൾ വെടിഞ്ഞ് ഒരേയൊരു ബാബയെ ഓർമ്മിക്കണം. ബാബ പറയുന്നു, എപ്പോഴാണോ ഞാൻ എന്റെ വീട്ടിൽ പരമധാമത്തിലായിരുന്നത് അപ്പോൾ ഭക്തിമാർഗ്ഗത്തിൽ നിങ്ങൾ വിളിക്കുമായിരുന്നു – ബാബാ അങ്ങ് വരികയാണെങ്കിൽ ഞങ്ങൾ എല്ലാം ബലിയർപ്പിക്കും. ഇത് ശേഷക്രിയകൾ ചെയ്യുന്ന ബ്രാഹ്മണർ, ശേഷക്രിയകൾ ചെയ്യുന്ന ബ്രാഹ്മണർക്കുതന്നെ പഴയ വസ്തുക്കൾ നൽകുന്നതുപോലെയായി. നിങ്ങൾ ബാബക്ക് എന്ത് നൽകും? ബ്രഹ്മാവിനല്ലല്ലോ നൽകുന്നത്. ഇദ്ദേഹവും എല്ലാം നൽകി. ബ്രഹ്മാവ് ഇവിടെ ഇരുന്ന് കൊട്ടാരം കെട്ടില്ലല്ലോ. ഇത് എല്ലാം ശിവബാബക്കുള്ളതാണ്. ബാബയുടെ നിർദ്ദേശമനുസരിച്ചാണ് ചെയ്യുന്നത്. ബാബ ചെയ്യുന്നവനും ചെയ്യിപ്പിക്കുന്നവനുമല്ലേ, നിർദ്ദേശങ്ങൾ നല്കിക്കൊണ്ടിരിക്കുകയാണ്. കുട്ടികൾ പറയുന്നു ബാബാ, ഞങ്ങൾക്ക് അങ്ങ് ഒരാളേയുള്ളു. അങ്ങേക്ക് ഒരുപാട് കുട്ടികളുണ്ട്. അപ്പോൾ ബാബ പറയും, എനിക്കും നിങ്ങൾ കുട്ടികൾ മാത്രമേയുള്ളു. നിങ്ങൾക്കാണെങ്കിൽ ഒരുപാടുപേരുണ്ട്. എത്ര ദേഹസംബന്ധികളുടെ ഓർമ്മയുണ്ട്. മധുര മധുരമായ കുട്ടികളോട് ബാബ പറയുന്നു എത്ര സാധിക്കുമോ അത്രയും ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കൂ ബാക്കി എല്ലാവരേയും മറന്നുകൊണ്ടേപോകൂ. സ്വർഗ്ഗത്തിന്റെ രാജധാനിയാകുന്ന വെണ്ണ നിങ്ങൾക്കാണ് ലഭിക്കുന്നത്. അൽപം ചിന്തിച്ചുനോക്കൂ, ഈ കളി എങ്ങനെ രചിച്ചിരിക്കുന്നുവെന്ന്. നിങ്ങൾ ബാബയെ ഓർമ്മിക്കുക മാത്രം ചെയ്യുന്നു, പിന്നെ സ്വദർശന ചക്രധാരിയായി മാറുന്നതിലൂടെ ചക്രവർത്തീ രാജാവായി മാറുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾ പ്രാക്ടിക്കലിൽ അനുഭവികളാണ്. മനുഷ്യർ കരുതുന്നത് ഭക്തി പരമ്പരയായി നടന്നുവരുന്നതാണ് എന്നാണ്. വികാരവും പരമ്പരയായി നടന്നുവരുന്നതാണ്. ഈ ലക്ഷ്മീ–നാരായണന്മാർക്കും, രാധാ–കൃഷ്ണനും കുട്ടികൾ ഉണ്ടായിരുന്നല്ലോ. പറയൂ, എന്തുകൊണ്ട് കുട്ടികൾ ഉണ്ടായിക്കൂടാ പക്ഷേ അവരെ പറയുന്നത് സമ്പൂർണ്ണ നിർവ്വികാരി എന്നാണ്. ഇവിടെയാണെങ്കിൽ സമ്പൂർണ്ണ വികാരികളാണ്. പരസ്പരം ഗ്ലാനി ചെയ്തുകൊണ്ടിരിക്കുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ശ്രീ ശ്രീയായ ബാബയുടെ ശ്രീമതം ലഭിക്കുന്നു. നിങ്ങളെ ശ്രേഷ്ഠമാക്കി മാറ്റുന്നു. അഥവാ ബാബയുടെ വാക്കുകൾ അനുസരിക്കുന്നില്ലെങ്കിൽ ആയിത്തീരുമോ. ഇപ്പോൾ അനുസരിക്കുകയോ,അനുസരിക്കാതിരിക്കുകയോ ചെയ്യാം. സൽപുത്രരായ കുട്ടികൾ ആജ്ഞ ആനുസരിക്കും. പൂർണ്ണമായും സഹായിക്കുന്നില്ലെങ്കിൽ സ്വയം നഷ്ടം ഉണ്ടാക്കുകയാണ്. ബാബ പറയുന്നു, ഞാൻ കൽപ കൽപം വരുന്നു. എത്ര പുരുഷാർത്ഥം ചെയ്യിക്കുന്നു. എത്ര സന്തോഷത്തിലേക്ക് കൊണ്ടുപോകുന്നു. ബാബയിൽ നിന്നും പൂർണ്ണ സമ്പത്ത് എടുക്കുന്നതിൽ തന്നെയാണ് മായ തെറ്റ് ചെയ്യിക്കുന്നത്. പക്ഷേ നിങ്ങൾ ആ വലയിൽ കുടുങ്ങരുത്. മായയോടാണ് യുദ്ധം. വളരെ വലിയ വലിയ കൊടുങ്കാറ്റുകൾ വരും. അതിലും അവകാശി കുട്ടികളോടാണ് മായ കൂടുതൽ യുദ്ധം ചെയ്യുന്നത്. വളരെ ശക്തിശാലിയായി യുദ്ധം ചെയ്യുന്നു. വൈദ്യർ മരുന്ന് തരുമ്പോൾ മുഴുവൻ രോഗവും പുറത്തുവരാറില്ലേ അതുപോലെയാണ്. ഇവിടെയും എന്റേതായി മാറിയാൽ എല്ലാവരേയും ഓർമ്മവരാൻ തുടങ്ങും. കൊടുങ്കാറ്റ് വരും, ഇതിൽ ലൈൻ ക്ലിയറായിരിക്കണം. നമ്മൾ ആദ്യം പവിത്രമായിരുന്നു പിന്നീട് അപവിത്രമായി മാറി. ഇപ്പോൾ വീണ്ടും തിരിച്ചുപോകണം. ബാബ പറയുന്നു, എന്നെ ഓർമ്മിക്കൂ എങ്കിൽ ഈ യോഗാഗ്നിയിലൂടെ നിങ്ങളുടെ മുഴുവൻ വികർമ്മവും വിനാശമാകും. എത്ര ഓർമ്മിക്കുന്നുവോ അത്രയും ഉയർന്ന പദവി നേടും. ഓർമ്മിച്ചോർമ്മിച്ച് നിങ്ങൾ വീട്ടിലേക്ക് പോകും, ഇതിൽ വളരെയധികം അന്തർമുഖത ആവശ്യമാണ്. ജ്ഞാനവും ആത്മാവിൽ ധാരണയാകുന്നുണ്ടല്ലോ. ആത്മാവുതന്നെയാണ് പഠിക്കുന്നത്. ആത്മാവിന്റെ ജ്ഞാനവും പരമാത്മാവായ ബാബയാണ് വന്ന് നൽകുന്നത്. ഇത്രയും ഭാരിച്ച ജ്ഞാനം നിങ്ങൾ എടുക്കുന്നത് വിശ്വത്തിന്റെ അധികാരിയാവാൻ വേണ്ടിയാണ്. പതിത പാവനൻ, ജ്ഞാനസാഗരൻ, ശാന്തിസാഗരൻ എന്നാണ് നിങ്ങൾ എന്നെ വിളിക്കുന്നത്. എന്താണോ എന്റെ കൈയ്യിലുള്ളത് അതെല്ലാം നിങ്ങൾക്ക് നൽകുന്നു. ബാക്കി ദിവ്യദൃഷ്ടിയുടെ ചാവിമാത്രം നൽകുന്നില്ല. അതിനുപകരമായി നിങ്ങളെ പിന്നീട് വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്നു. സാക്ഷാത്ക്കാരത്തിൽ ഒന്നുമില്ല. മുഖ്യമായത് പഠിപ്പാണ്. പഠിപ്പിലൂടെ നിങ്ങൾക്ക് 21 ജന്മങ്ങളിലേക്കുള്ള സുഖം ലഭിക്കുന്നു. മീരക്കൊപ്പം നിങ്ങൾ നിങ്ങളുടെ സുഖത്തെ താരതമ്യം ചെയ്തുനോക്കൂ. അവർ കലിയുഗത്തിലായിരുന്നു, സാക്ഷാത്ക്കാരം ചെയ്തു പിന്നെ എന്താണ്. ഭക്തിയുടെ മാലതന്നെ വേറെയാണ്. ജ്ഞാനമാർഗ്ഗത്തിലെ മാല വേറെയാണ്. രാവണന്റെ രാജധാനി വേറെയാണ്, നിങ്ങളുടെ രാജധാനി വേറെയാണ്. നിങ്ങളുടേതിനെ പകൽ എന്നും ഇതിനെ രാത്രി എന്നുമാണ് പറയുന്നത്. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും, സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണക്കുള്ള മുഖ്യ സാരം:-

1) ഓർമ്മയുടെ ബലത്തിലൂടെ തന്റെ കർമ്മേന്ദ്രിയങ്ങളെ ഒരു ചഞ്ചലതയും ഇല്ലാത്ത തരത്തിൽ വശത്താക്കണം. സമയം വളരെ കുറവാണ് അതിനാൽ നല്ലരീതിയിൽ പുരുഷാർത്ഥം ചെയ്ത് മായാജീത്തായി മാറണം.

2) ബാബ എന്ത് ജ്ഞാനമാണോ നൽകുന്നത് അതിനെ അന്തർമുഖിയായി ധാരണ ചെയ്യണം. ഒരിക്കലും പരസ്പരം ഉപ്പുവെള്ളമാകരുത്. ബാബയക്ക് തന്റെ സുഖവിവരങ്ങൾ തീർച്ചയായും നൽകണം.

## വരദാനം- തന്റെ മംഗളകാരി മനോവൃത്തിയിലൂടെ സേവനം ചെയ്ത് സർവ്വാത്മാക്കളുടേയും ആശീർവാദങ്ങളുടെ അധികാരിയായി ഭവിക്കട്ടെ.

മംഗളകാരി മനോവൃത്തിയിലൂടെ സേവനം ചെയ്യുന്നതുതന്നെയാണ് സർവ്വാത്മാക്കളുടേയും ആശീർവാദങ്ങൾ പ്രാപ്തമാക്കാനുള്ള മാർഗ്ഗം. നമ്മൾ വിശ്വമംഗളകാരികളാണ് എന്നലക്ഷ്യം ഉണ്ടാകുമ്പോൾ അമംഗളകരമായ കാര്യങ്ങൾ ഉണ്ടാകുകയേയില്ല. ലക്ഷ്യം ഓർമ്മയുണ്ടെങ്കിൽ ധാരണകളും അതുപോലെതന്നെയുള്ളതാകും. കർത്തവ്യം ഓർമ്മയുണ്ടാകുമ്പോൾ സദാ ദയാഹൃദയരും മഹാദാനികളുമാകും,ഓരോ ചുവടും മംഗളകാരി വൃത്തിയിലൂടെ വെക്കും, ഞാനെന്നഭാവം വരില്ല, നിമിത്തഭാവം ഓർമ്മ വരും ഇങ്ങിനെയുള്ള സേവാധാരികൾക്ക് സേവനത്തിനുള്ള ഫലമായി സർവ്വാത്മാക്കളിൽ നിന്നുമുള്ള ആശീർവാദങ്ങളുടെ അധികാരം പ്രാപ്തമാകുന്നു.

## സ്ലോഗൻ- സാധനങ്ങളോടുള്ള ആകർഷണങ്ങൾ സാധനകളെ അപൂർണ്ണമാക്കുന്നു.

**അവ്യക്തസൂചന-ആത്മസ്ഥിതിയിൽ സ്ഥിതി ചെയ്യാനുള്ള അഭ്യാസം ചെയ്യൂ,അന്തർമുഖിയാകൂ...**
അന്തർമുഖി ആത്മാക്കൾക്ക് മൂന്ന് പ്രകാരത്തിലുള്ള ഭാഷകളുടെ അനുഭവമാണ് ഉണ്ടാവുക. 1.കണ്ണുകളുടെ ഭാഷ, 2.ഭാവനയുടെ ഭാഷ, 3.സങ്കൽപങ്ങളുടെ ഭാഷ. ഇങ്ങിനെ മൂന്ന് പ്രകാരത്തിലുള്ള ഭാഷകൾ ആത്മീയ യോഗി ജീവിത്തിന്റെ ഭാഷയാണ്.താങ്കൾ എത്രത്തോളം അന്തർമുഖികളായി സ്വീറ്റ് സൈലൻസ് സ്വരൂപത്തിൽ സ്ഥിതി ചെയ്യുന്നുവോ അത്രയും ഈ മൂന്ന് ഭാഷകളിടെ സർവ്വ ആത്മാക്കൾക്കും അനുഭവവും ചെയ്യിക്കാനാവും. ഈ സമയത്ത് ഇങ്ങിനെയുള്ള ആത്മീയ ഭാഷയുടെ അഭ്യാസികളായി മാറൂ.